**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5613** **08-07-2024 - ൽ മറുപടിയ്ക്ക്**

**പ്രവാസി ഭദ്രത, പ്രവാസി സാന്ത്വനം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന പ്രവാസി ഭദ്രത പദ്ധതിയുടെയും സാന്ത്വനം പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | **പ്രവാസി ഭദ്രത പദ്ധതി**<br><br>**വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ പ്രവാസി കേരളീയർക്കായി പ്രവാസി ഭദ്രതാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**<br><br>**• അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപ്പെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം - പ്രവാസി ഭദ്രത - പേൾ (ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ പലിശ രഹിത വായ്പ)**<br><br>**• ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കെ.എസ്.എഫ്.ഇ /കേരള ബാങ്ക് മുഖാന്തിരം - പ്രവാസി ഭദ്രത - മൈക്രോ (ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡി + 3% പലിശ സബ്സിഡി)**<br><br>**• വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തിരം - പ്രവാസി ഭദ്രത – മെഗാ (ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെയുള്ള വായ്പയ്ക്ക് 3.5% പലിശ സബ്സിഡി)**<br><br>**സാന്ത്വന പദ്ധതി**<br><br>**തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്ക റൂട്ട്സ് നടപ്പാക്കിയിട്ടുള്ള സമാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1 ലക്ഷം രൂപവരെയും, തിരികെയെത്തിയ പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും, സാമ്പത്തികമായി പിന്നാക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ** |

| | | | |
|---|---|---|---|
| | | | **വിവാഹത്തിനു 15,000/- രൂപ വരെയും ധനസഹായം നൽകിവരുന്നു. കൂടാതെ പ്രവാസികളായ കേരളീയർക്കും, അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമകാൽ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് 10,000/- രൂപ വരെയും ധനസഹായം നൽകുന്നു.**<br><br>**<u>മാനദണ്ഡങ്ങൾ</u>**<br><br>**• കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരിക്കണം.**<br><br>**• തിരികെയെത്തിയിട്ട് , വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്തു വർഷം (ഇതിൽ ഏതാണോ കുറവ്) ആ സമയപരിധിയിൽ അപേക്ഷ സമർപ്പിച്ചിരിക്കണം**<br><br>**• "സാന്ത്വന" ഒറ്റ തവണ ധനസഹായ പദ്ധതിയാണ്.**<br><br>**• അപേക്ഷകന്റെ കുടുംബ വാർഷികവരുമാനം ഒന്നര ലക്ഷം രൂപയിലധികമാകുവാൻ പാടില്ല.** |
| (ബി) | പ്രവാസി ഭദ്രത പദ്ധതി പ്രകാരം എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | **പ്രവാസി ഭദ്രത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് 13906 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.** |
| (സി) | സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര അപേക്ഷകൾ 2023-ൽ തീർപ്പാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | (സി) | **4690 സാന്ത്വന അപേക്ഷകൾ 2023-ൽ തീർപ്പാക്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ